# കേരള സർക്കാർ
# നിരോധിച്ചിട്ടുള്ള കീടനാശിനികളും പകരമുള്ള ഇടക്കാല ശുപാർശകളും

സർക്കാർ ഉത്തരവ് (MS)No.116/2011തീയതി 7.5.2011



ഫാം ഇൻഫർമേഷൻ ബ്യൂറോ

# കേരള സർക്കാർ
# നിരോധിച്ചിട്ടുള്ള കീടനാശിനികളും പകരമുള്ള ഇടക്കാല ശുപാർശകളും

സർക്കാർ ഉത്തരവ് G.O.(MS) No.116/2011/Agri  തീയതി 7.5.2011

**ഫാം ഇൻഫർമേഷൻ ബ്യൂറോ**
**കേരള സർക്കാർ**

# കേരള സർക്കാർ
# നിരോധിച്ചിട്ടുള്ള കീടനാശിനികളും പകരമുള്ള ഇടക്കാല ശുപാർശകളും

സർക്കാർ ഉത്തരവ് G.O.(MS) No.116/2011/Agri തീയതി 7.5.2011


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **എ.എം. സുനിൽ കുമാർ**<br>*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ* |
| എഡിറ്റർ | : | **എലിസബത്ത് ജോർജ്**<br>*പബ്ലിക്കേഷൻ ഓഫീസർ* |
| ലേ ഔട്ട് | : | **ദീപക് മൗത്താട്ടിൽ** |


ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

# ആമുഖം

വിളവർദ്ധനയും ഭക്ഷ്യസ്വയംപര്യാപ്തിയും ലക്ഷ്യമാക്കിയാണ് രാസകൃഷി ഒരു ഘട്ടത്തിൽ നടപ്പാക്കിയതെങ്കിലും രാസവിളകളുടെയും രാസകീടനാശിനികളുടെയും ഔചിത്യമില്ലാത്ത പ്രയോഗം മാനവരാശിക്ക് ഏറെ തിരിച്ചടികൾ നൽകി എന്ന് പറയേണ്ടിയിരിക്കുന്നു. ലാഭേച്ഛമാത്രം മുന്നിൽകണ്ട് വാണിജ്യാടിസ്ഥാനത്തിൽ കാർഷിക വൃത്തിയെ സമീപിച്ചതാണ് രാസകൃഷിയുടെ ദുരന്തത്തിന് പ്രധാന കാരണക്കാർ എന്നു പറയുന്നതിലും തെറ്റില്ല. ഇപ്പോൾ നമ്മൾ യഥാർത്ഥ ത്തിൽ ഒരു തിരിച്ചുപോക്കിന് തയ്യാറായിരിക്കുകയാണ്. പരിധിവിട്ട രാസകൃഷിയുടെ കെടുതിക ളിൽ നിന്ന് വിമുക്തിനേടാനുള്ള ഒരു തിരിച്ചുപോക്ക്. ഈ തിരിച്ചുപോക്കിൽ ഏറ്റവും പ്രധാനം രാസകീടനാശിനി പോലെയുള്ള ഉല്പാദനോപാധികളുടെ ഉപയോഗം പരമാവധി ഒഴിവാക്കുകയോ നിയമപരമായിത്തന്നെ പരിമിതപ്പെടുത്തുകയോ ചെയ്യുക എന്നതാണ്. ഇതിന്റെ ഭാഗമായിട്ടാണ് ഏറ്റവും മാരകം എന്ന് കൃഷിശാസ്ത്രം തന്നെ കണ്ടെത്തിയ ചില കീടനാശിനികൾ നിരോധി ച്ചതും അവയ്ക്കു പകരം ചില ബദൽ ശുപാർശകൾ തയ്യാറാക്കിയതും. ഇതേക്കുറിച്ച് കർഷകർ ഉൾപ്പെടെയുള്ള പൊതുസമൂഹത്തെ ബോധവാൻമാരാക്കുക എന്നതാണ് പരമപ്രധാനം. പൊതു ജനങ്ങളുടെ ആരോഗ്യസംരക്ഷണപരമായ കാഴ്ചപ്പാടിലും ഇത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യ ത്തോടെ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന ഈ കൈപുസ്തകം തീർച്ചയായും എല്ലാ വിഭാഗം ജനങ്ങൾക്കും ഒരു വഴികാട്ടിയായിരിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഡയറക്ടർ
കൃഷിവകുപ്പ്

## നിരോധിക്കപ്പെട്ട കീടനാശിനികളും പകരം ഉപയോഗിക്കാവുന്ന കീട/കുമിൾ കളനാശിനികളുടെ താൽക്കാലിക ശുപാർശ

കേരള സർക്കാർ എൻഡോസൾഫാൻ, കാർബോഫ്യൂറാൻ, ഫോറേറ്റ്, മീഥൈൽ പാരത്തിയോൺ, മോണോക്രോട്ടോഫോസ്, മീഥൈൽ ഡിമെറ്റോൺ, ട്രൈഅസാഫോസ്, പ്രോഫിനോഫോസ് തുടങ്ങിയ കീടനാശിനികളും മെട്രോക്സി ഈഥൈൽ മെർക്യൂറിക് ക്ലോറൈഡ്, എഡിഫൻഫോസ്, ട്രൈസൈക്ലോസോൾ, ഓക്സിതയോ ക്വിനോക്സ് തുടങ്ങിയ കുമിൾനാശിനികളും പാരക്വാറ്റ്, അനിലോഫോസ്, അട്രാസിൻ, തയോബെൻകാർബ് തുടങ്ങിയ കളനാശിനികളും സർക്കാർ ഉത്തരവ് G.O.(MS) No.116/2011/Agri പ്രകാരം നിരോധിച്ചിരിക്കുന്നു. ഇവയ്ക്ക് പകരം താൽക്കാലികമായി ഉപയോഗിക്കാവുന്ന കീടനാശിനികളുടെ വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

കേരള കാർഷിക സർവ്വകലാശാല പകരം കീടനാശിനികളെ കണ്ടെത്തുന്നതിന് വിശാലമായ പഠനങ്ങൾ നടത്തുന്നുണ്ട്.

## അനുബന്ധം

**കേരള സർക്കാരിന്റെ G.O (MS) N0.116/2011 dated 7.05.2011 പ്രകാരം നിരോധിച്ചിട്ടുള്ള കീടനാശിനികൾക്ക് പകരം ഉപയോഗിക്കാവുന്നവ**

**(ഇടക്കാല ശുപാർശകൾ)**

| ക്രമ നമ്പർ | നിരോധിക്കപ്പെട്ട കീടനാശിനികൾ | കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ 2007 പാക്കേജ് പ്രകാരം നിലവിലുള്ള ശുപാർശകൾ | നിരോധിച്ച കീടനാശിനികൾക്ക് പകരം ഉപയോഗിക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഇനങ്ങൾ | കീടനാശിനിയുടെ കോഡ് (കളർ) | ഒരു ഹെക്ടറിലേക്ക് നിർദ്ദേശിച്ചിട്ടുള്ള അളവ് |
|---|---|---|---|---|---|
| 1. | എൻഡോസൾഫാൻ | കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ശുപാർശചെയ്തിട്ടില്ല | 1. കാർബാറിൽ 50%WP | മഞ്ഞ | 588ഗ്രാം/ഹെ |
| | | | 2. ക്യൂനാൾഫോസ് 25%EC | മഞ്ഞ | 1.5 ലി/ഹെ. |
| 2. | കാർബോഫ്യൂറാൻ | 1. നെല്ല്<br>സ്റ്റെം ബോറർ, ഗാൾമിഡ്ജ്<br>BPH, GLH, ഹിസ്പ്പ<br>നിമാറ്റോഡ്സ് | 1. കാർബോസൾഫാൻ 6%G | മഞ്ഞ | 16.7 കി/ഹെ. |
| | | | 2. കാർടാപ്പ് ഹൈഡ്രോക്ലോറൈഡ് 4% G | മഞ്ഞ | 25 കി/ഹെ. |
| | | | 3. ക്യൂനാൾഫോസ് 5% G | മഞ്ഞ | 5 കി/ഹെ. |
| | | | 4. ഫിപ്രോനിൽ 0.3% G | മഞ്ഞ | 25 കി/ഹെ. |
| | | | 5. ക്ലോറാന്ത്റനിലിപ്റോൾ 0.4% G | പച്ച | 10 കി/ഹെ. |
| | | | 6. തയോമെതോക്സാം 25% WG | നീല | 100 ഗ്രാം/ഹെ |
| | | | 7. ഫ്ളൂബെൻഡൈഅമൈഡ് 39.35% SC | പച്ച | 50 മി/ഹെ. |

| | | | | | |
|---|---|---|---|---|---|
| | | | 8. ഫ്ളൂബൻഡൈഅമൈഡ് 20% WG | പച്ച | 125 ഗ്രാം/ഹെ |
| | | | 9. ഐമിഡക്ലോപ്രിഡ് 17.8% SL | മഞ്ഞ | 125 മി/ഹെ. |
| | | | 10. അസഫേറ്റ് 75 SP | നീല | 1.0 കി/ഹെ. |
| | 2. ഏത്തവാഴ(ഏഫിഡ്സ്), വൈറസ് രോഗ വാഹകർ, നിമാറ്റോഡ്സ് | | 1. ഡൈമീതോയേറ്റ് 30 EC<br>2. കാർബോസൾഫാൻ 6% G | മഞ്ഞ<br>മഞ്ഞ | 1.9 ലി/ഹെ.<br>16.7 കി/ഹെ. |

**ഏത്തവാഴയിലെ വൈറസ് രോഗങ്ങൾക്ക് എതിരായി താഴെപ്പറയുന്ന പരിചരണ മുറകൾ സ്വീകരിക്കേണ്ടതാണ്**

| | | | | | |
|---|---|---|---|---|---|
| | 1. കൂട്ടായ യത്നത്തിലൂടെ കൃഷിയിടങ്ങൾ ശുചിത്വപൂർണ്ണമാക്കേണ്ടതാണ്.<br>2. നടീൽവസ്തുക്കളിലൂടെ രോഗബാധ സംക്രമണം പ്രതിരോധിക്കുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക.<br>3. വൈറസ് രോഗാണുവിമുക്തമായ ടിഷ്യൂകൾച്ചർ വിത്തുകൾ ഉത്പാദനവും വിതരണവും നടത്തുക.<br>4. വാഴവിത്തുകൾ നട്ടതിനു ശേഷം ചൂടുവെള്ളവും, വേപ്പിൻപിണ്ണാക്കും ഉപയോഗിച്ചുള്ള പരിചരണം നടത്തുക.<br>5. ക്രോപ്പ് ഇൻഷുറൻസ് സ്കീം നടപ്പിലാക്കുക. | | | | |
| | 3. വഴുതന (നീരൂറ്റികുടിക്കുന്ന പ്രാണികൾ) | | 1. അസാഡിറാക്ടിൻ 1% EC<br>2. അസാഡിറാക്ടിൻ 0.03% EC<br>3. സ്പൈനോസാഡ് 45% SC | പച്ച<br>പച്ച<br>നീല | 1-1.5 ലി/ഹെ.<br>5 ലി/ഹെ.<br>160 മി/ഹെ. |
| | 4. ഏലം (നിമാവിരകൾ) | | 1. കാർബോസൾഫാൻ 6%G | മഞ്ഞ | 16.7കി/ഹെ. |
| 3. | ഫോറേറ്റ് (ചുവപ്പ്) | 1. നെല്ല്<br>സ്റ്റെംബോറർ, ഗാൾമിഡ്ജ്, BPH GLH, ഹിസ്പ, നിമാവിരകൾ | 1. കാർബോസൾഫാൻ 6% G | മഞ്ഞ | 16.7 കി/ഹെ. |
| | | | 2. കാർടാപ്പ് ഹൈഡ്രോക്ലോറൈഡ് 4%G | മഞ്ഞ | 25 കി/ഹെ. |
| | | | 3. ക്യൂനാൾഫോസ് 5% G | മഞ്ഞ | 5 കി/ഹെ. |

| | | | | | |
|---|---|---|---|---|---|
| | | | 4. ഫിപ്രോനിൽ 0.3% GR<br>5. ക്ലോറാൻട്രാനിലിപ്രോൾ 0.4% G<br>6. തയാമെത്തോക്സം 25% WG<br>7. ഫ്ളൂബെൻഡൈഅമൈഡ് 39.35%SC<br>8. ഫ്ളൂബെൻഡൈഅമൈഡ് 20% WG | മഞ്ഞ<br>പച്ച<br>നീല<br>പച്ച<br>പച്ച | 25 കി/ഹെ.<br>10 കി/ഹെ.<br>100 ഗ്രാം/ഹെ.<br>50 മി/ഹെ.<br>125 ഗ്രാം/ഹെ. |
| 4. | മീതൈൽ<br>പാരതയോൺ<br>(ചുവപ്പ്) | 1. നെല്ല് BPH, ത്രിപ്പ്സ്,<br>ഹോപ്പേഴ്സ്,ബഗ്സ്,<br>ലീഫ് ഫോൾഡേഴ്സ് | 1. ക്യൂനാൾഫോസ് 5% G<br><br>2. ക്യൂനാൾഫോസ് 25 % EC<br>3. കാർബാറിൽ 5% DP<br>4. കാർബാറിൽ 85% WP<br>5. ക്ലോർപൈറിഫോസ് 20% EC<br>6. ഫിപ്രോനിൽ 5% SC<br>7. തയാമെത്തോക്സം 25% WG<br>8. അസഫേറ്റ് 75 SP | മഞ്ഞ<br><br>മഞ്ഞ<br>മഞ്ഞ<br>മഞ്ഞ<br>മഞ്ഞ<br>മഞ്ഞ<br>നീല<br>നീല | 5 കി/ഹെ.<br><br>1.5 ലി/ഹെ.<br>25 കി/ഹെ.<br>588 ഗ്രാം/ഹെ.<br>1.87 ലി/ഹെ.<br>1.5 ലി/ഹെ.<br>100 ഗ്രാം/ഹെ.<br>1.0 കി/ഹെ. |
| | | സ്റ്റെംബോറർ<br>ലീഫ്ഫോൾഡർ<br>എന്നിവയ്ക്ക് | 1. കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 4% G<br><br>2. കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 50% SP<br>3. ഫിപ്രോനിൽ 80% WG<br>4. ക്ലോറാൻട്രാനിലിപ്രോൾ 18.5 % SC<br>5. ക്ലോറാൻട്രാനിലിപ്രോൾ 0.4% Gr<br>6. ഫ്ളൂബെൻഡൈമൈഡ് 39.35% SC<br>7. ഫ്ളൂബെൻഡൈമൈഡ് 20% WG<br>8. ഇമിഡാക്ലോപ്രിഡ് 17.8% SL<br>9. അസഫേറ്റ് 75 SP | മഞ്ഞ<br><br>മഞ്ഞ<br>മഞ്ഞ<br>പച്ച<br>പച്ച<br>പച്ച<br>പച്ച<br>മഞ്ഞ<br>നീല | 25 കി/ഹെ.<br><br>1.0 കി/ഹെ.<br>62.5 ഗ്രാം/ഹെ.<br>150 മി/ഹെ.<br>10.0 കി/ഹെ.<br>50 മി/ഹെ.<br>125 ഗ്രാം/ഹെ.<br>125 മി/ഹെ.<br>1.0 കി/ഹെ. |
| 5. | മോണോക്രോട്ടോ<br>ഫോസ്<br>(ചുവപ്പ്) | 1. നെല്ല്<br>BPH,സ്റ്റെംബോറർ,<br>ലീഫ് ഫോൾഡേഴ്സ് | 1. ക്യൂനാൾഫോസ് 5% G<br><br>2. ക്യൂനാൾഫോസ് 25% EC | മഞ്ഞ<br><br>മഞ്ഞ | 5 കി/ഹെ.<br><br>1.5 ലി/ഹെ. |

| | | | | |
|---|---|---|---|---|
| | | 3. കാർബാറിൽ 5% DP<br>4. കാർബാറിൽ 85% WP<br>5. ക്ലോർപൈറിഫോസ് 20% EC<br>6. ഫിപ്രോനിൽ 5% SC<br>7. തയാമെത്തോക്സം 25% WG<br>8. അസഫൈറ്റ് 75 SP | മഞ്ഞ<br>മഞ്ഞ<br>മഞ്ഞ<br>മഞ്ഞ<br>നീല<br>നീല | 25 കി/ഹെ.<br>588 ഗ്രാം/ഹെ<br>1.80 ലി/ഹെ.<br>1.5 ലി/ഹെ.<br>100 ഗ്രാം/ഹെ<br>1.0 കി/ഹെ. |
| | സ്റ്റെംബോറർ, ലീഫ്ഫോൾഡർ എന്നിവയ്ക്ക് | 1. കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 4% G<br>2. കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 50% SP<br>3. ഫിപ്രോനിൽ 80% WG<br>4. ക്ലോറൻട്രനിലിപ്രോൾ 18.5% SC<br>5. ക്ലോറൻട്രനിലിപ്രോൾ 0.4% Gr<br>6. ഫ്ളൂബൻഡൈഅമൈഡ് 39.35% SC<br>7. ഫ്ളൂബൻഡൈഅമൈഡ് 20% WG<br>8. അസഫൈറ്റ് 75 SP | മഞ്ഞ<br>മഞ്ഞ<br>മഞ്ഞ<br>പച്ച<br>പച്ച<br>പച്ച<br>പച്ച<br>നീല | 25 കി/ഹെ.<br>1.0 കി/ഹെ.<br>62.5 ഗ്രാം/ഹെ<br>150 മി/ഹെ.<br>10 കി/ഹെ.<br>50 ഗ്രാം/ഹെ<br>125 ഗ്രാം/ഹെ<br>1.0 കി/ഹെ. |
| | **ഏലം**<br>(ത്രിപ്സ്, പോഡ്ബോറർ) | 1. ക്യൂനാൾഫോസ് 25% EC<br>2. ഫെൻതോയെറ്റ് 50% EC<br>3. ഡയാഫെന്തൂറിയോൺ 50% WP<br>4. ഡൈമീതോയേറ്റ് 30% EC | മഞ്ഞ<br>മഞ്ഞ<br>നീല<br>മഞ്ഞ | 1.2 ലി/ഹെ.<br>500 മി/ഹെ.<br>800 ഗ്രാം/ഹെ<br>830 മി/ഹെ. |
| 6 മീതൈൽഡിമറ്റോൺ<br>(ചുവപ്പ്) | നീരൂറ്റികുടിക്കുന്ന പ്രാണികൾ<br>(കേരള കാർഷിക സർവ്വകലാശാലയുടെ പ്രത്യേക ശുപാർശകൾ ലഭ്യമല്ല) | കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ പകരംശുപാർശ ചെയ്തിട്ടില്ല. | | |
| 7. ട്രയാസോ<br>ഫോസ് | നെല്ലിന്റെ ലീഫ് ഫോൾഡർ | 1. കാർട്ടാപ്പ്ഹൈഡ്രോക്ലോറൈഡ് 4% G<br>2. കാർട്ടാപ്പ്ഹൈഡ്രോക്ലോറൈഡ് 50% SP | മഞ്ഞ<br>മഞ്ഞ | 25.0 കി/ഹെ.<br>1.0 കി/ഹെ. |

| | | | | |
|---|---|---|---|---|
| | | 3. ഫിപ്രോനിൽ 80% WG<br>4. ക്ലോറൻട്രനിലിപ്രോൾ 18.5% SC<br>5. ക്ലോറൻട്രനിലിപ്രോൾ 0.4% GR<br>6. ഫ്ളൂബൻഡൈഅമൈഡ് 39.35% SC<br>7. ഫ്ളൂബൻഡൈഅമൈഡ് 20% WG<br>8. സ്പൈനോസാഡ് 45 SC | മഞ്ഞ<br>പച്ച<br>പച്ച<br>പച്ച<br>പച്ച<br>നീല | 62.5 ഗ്രാം/ഹെ<br>150 മി/ഹെ.<br>10 കി/ഹെ.<br>50 മി/ഹെ.<br>125 ഗ്രാം/ഹെ<br>160 മി/ഹെ. |
| 8 പ്രോഫിനോ ഫോസ് (മഞ്ഞ) | പ്രത്യേക ശുപാർശകളില്ല | കേരള കാർഷിക സർവകലാശാലയുടെ ശുപാർശയോ സെൻട്രൽ ഇൻസെക്റ്റിസൈഡ് ബോർഡിന്റെ (CIB-RC) അംഗീകാരമോ ഇല്ലാതെ തന്നെ കേരളത്തിൽ വ്യാപകമായി ഉപയോഗിക്കുന്നു തേയിലയ്ക്ക് മാത്രം ഉപയോഗിക്കാവുന്നത് (Label Claim avilable for tea only) | | |

കാർബോഫുറാന്റെ ഉപയോഗം കീടനാശിനി പ്രയോഗത്തിന് അനുവദിച്ചിട്ടുള്ളത് കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഉപയോഗത്തിന് മാത്രമാണ്. കേരളാ കാർഷിക സർവ്വകലാശാല നിരോധിച്ചിട്ടുള്ള കീടനാശിനികൾക്ക് പകരമായി അനുയോജ്യമായ കെമിക്കൽസ്/ ബയോപെസ്റ്റിസൈഡ്സ് കണ്ടെത്തുന്നതിന് വേണ്ട ഫീൽഡ് ട്രയൽസ് നടത്തും.. RKVY യിൽ 300 ലക്ഷം രൂപയോളം വകയിരുത്തുന്നതിലേയ്ക്കായി വിശദമായ പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റിയുടെ എക്സ്റ്റൻഷൻ ഡയറക്ടർ / റിസർച്ച് ഡയറക്ടർ സമർപ്പിക്കുന്നതായിരിക്കും.

## കുമിൾ നാശിനി

| ക്രമനമ്പർ | കുമിൾ നാശിനി യുടെപേര് | KAU പാക്കേജ് 2007 പ്രകാരം നിലവിലുള്ള ക്രോപ്പ്/പെസ്റ്റ് ശുപാർശകൾ | പകരമുപയോഗിക്കാവുന്നവ | കോഡ് | ഡോസേജ്/ഹെ |
|---|---|---|---|---|---|
| 1 | മീതോക്സ് ഈതൈൽ മെർക്യുറിക് ക്ലോറൈഡ് (ചുവപ്പ്) | ഈട്ടിയിലെ അഴുകി നശിക്കൽ | ഫീൽഡ് ട്രയൽ വഴി പകരമുള്ളവ ഉണ്ടാക്കേണ്ടതുകൊണ്ട് വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ 1% ബോർഡോ മിശ്രിതം ഉപയോഗിക്കാവുന്നതാണ് | | |
| 2 | എഡിഫെൻഫോസ് (മഞ്ഞ) | റൈസ് ബ്ലാസ്റ്റ് | 1. കാർപ്രോപാമൈഡ് 27.8% SE<br>2. കാർബെൻഡാസൈം 50%<br>3. ഐസോപ്രോതിയോലേൻ 40% ഇസി | പച്ച<br>പച്ച<br>നീല | 500മി/ഹെ.<br>500 ഗ്രാം/ഹെ<br>750 മി/ഹെ. |

| | | | | | |
|---|---|---|---|---|---|
| | | റൈസ് ഷീത്ത് ബ്ലൈറ്റ് | 4. ക്രിസോക്സിം മീതൈൽ 44.3% എസ് സി<br>5. റ്റെബുകൊണാഡോൾ 25.9% EC<br>6. കാർബെൻഡാസിം 50% WP<br>7. ക്രിസോക്സിംമീതൈൽ 44.3% എസ്.സി.<br>8. റ്റെബുകൊണാസോൾ 25.9% ഇ.സി<br>9. പെൻഡിക്യൂറോൺ 22.9% എസ്.സി<br>10. ഫ്ളൂസിലാസോൾ 40% ഇ.സി<br>11. ഹെക്സാകൊണാസോൾ 5% WP<br>12. ഐപ്രോഡിയോൺ 50% | പച്ച<br>നീല<br>പച്ച<br>പച്ച<br>നീല<br>പച്ച<br>നീല<br>നീല<br>നീല | 500 മി/ഹെ.<br>750 ഗ്രാം/ഹെ.<br>500 ഗ്രാം/ഹെ.<br>500 മി.ഗ്രാം./ഹെ<br>750 ഗ്രാം/ഹെ<br>750 മി/ഹെ.<br>300 മി/ഹെ.<br>1 ലി/ഹെ.<br>2.25 ലി/ഹെ. |
| | | റൈസ് ബ്രൗൺ ലീഫ് സ്പോട്ട് | 1. കാർബെൻഡാസിം 50% WP<br>2. പ്രോപിനെബ് 70% WP | പച്ച<br>നീല | 500 ഗ്രാം/ഹെ.<br>2.0 കി/ഹെ. |
| | | റൈസ് ഷീത്ത് റോട്ട് | 1. കാർബെൻഡാസിം 50%<br>2. കാർബോക്സിം 75% WP | പച്ച<br>നീല | 500 ഗ്രാം/ഹെ.<br>500 ഗ്രാം/ഹെ. |
| 3. | ട്രൈസൈക്ലാഡോൾ<br>(മഞ്ഞ) | റൈസ് ബ്ലാസ്റ്റ്<br>(സീഡ് ട്രീറ്റ്മെന്റ്) | 1. കാർബെൻഡാനിം 50%<br>2. സ്യൂഡോമൊണാസ് ഫ്ളൂറസൻസ് | പച്ച<br>പച്ച | 2 ഗ്രാം/കി.ഗ്രാം വിത്ത്<br>10 ഗ്രാം/കി.ഗ്രാം വിത്ത് |
| 4. | ഓക്സിതയോക്വി<br>നോക്സ് (നീല) | പുകയില/ഗ്രീൻപീസ്<br>പൗഡറിമൈൽ ഡ്യൂ | രണ്ടുവിളകളും കേരളത്തിൽ അപൂർവ്വമായി മാത്രം കൃഷി ചെയ്യുന്നു. ഫീൽഡ് ട്രയൽ വഴി പകരം ഉണ്ടാവേണ്ടതുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ കാർബെൻഡാസിം 50%WP ഉപയോഗിക്കാവുന്നതാണ്. (500 ഗ്രാം/ഹെ.) | | |

## കളനാശിനികൾ

| ക്രമ | കെമിക്കലിന്റെ പേര് | കെ.എ.യുവിന്റെ നിലവിലുള്ള ശുപാർശ | പകരം ഉപയോഗിക്കാവുന്നത് | കളർ കോഡ് | ഡോസേജ് |
|---|---|---|---|---|---|
| 1. | പാരാക്വാട്ട്<br>(മഞ്ഞ) | നോൺക്രോപ്പ് സിറ്റുവേഷൻ | ഗ്ലൈഫോസേറ്റ് 41% SL | നീല | 0.8 കി/ഹെ. |
| 2. | അനിലോഫോസ്<br>(മഞ്ഞ) | നെല്ല് | ബ്യൂട്ടാക്ലോർ 50% EC<br>പ്രെറ്റിലാക്ലോർ 50% EC | നീല<br>നീല | 1.25 കി/ഹെ.<br>1.5 കി/ഹെ. |
| 3. | അട്രാസിൻ<br>(നീല) | കരിമ്പ് | ഡയൂറോൺ 80% WP | നീല | 1.5 കി/ഹെ. |
| 4. | തയോബെൻകാർബ്<br>(നീല) | നെല്ല് | ബ്യൂട്ടാക്ലോർ 50% EC<br>പ്രെറ്റിലാക്ലോർ 50% EC | നീല<br>നീല | 1.25 കി/ഹെ.<br>1.5 കി/ഹെ. |

## കീടനാശിനികളുടെ സുരക്ഷിതമായ ഉപയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**കൈകാര്യം ചെയ്യുമ്പോൾ**

1. ട്രാൻസ്പോർട്ടേഷൻ സമയത്ത് കീടനാശിനി പ്രത്യേകമായി സൂക്ഷിക്കുക.
2. ബൾക്കായുള്ള കീടനാശിനികൾ വളരെ സൂക്ഷിച്ചുമാത്രം അതു പ്രയോഗിക്കുന്ന സ്ഥലങ്ങളിൽ കൊണ്ടുപോവുക.
3. ഒരിക്കലും കീടനാശിനികൾ ആഹാരം/തീറ്റപ്പുൽ മറ്റ് ഭക്ഷണപദാർത്ഥങ്ങൾ എന്നിവയോടൊപ്പം കൊണ്ടുപോകരുത്.
4. ബൾക്കായുള്ള കീടനാശിനികൾ (കൂടുതൽ അളവിൽ) തലയിലോ ചുമലിലോ പുറത്തോ വെച്ച് കൊണ്ടുപോകാൻ പാടില്ല.

**സ്പ്രേലായനി തയ്യാറാക്കുമ്പോൾ**

1. എപ്പോഴും ശുദ്ധജലം ഉപയോഗിക്കുക.
2. സംരക്ഷണത്തിനുള്ള തുണിത്തരങ്ങൾ ഉപയോഗിക്കുക. ഉദാ. കൈയ്യുറകൾ, മുഖത്ത് മാസ്ക്, തൊപ്പി, ഏപ്രൺ, ഫുൾട്രൗസർ ഗൺബൂട്ട് മുതലായവ ശരീരം മുഴുവൻ മറയുന്നവിധം ഉപയോഗിക്കുക.
3. മൂക്ക്, കണ്ണ്, ചെവി, കൈകൾ എന്നിവ സ്പ്രേ ചെയ്യുന്ന വേളയിൽ സംരക്ഷിക്കുക.
4. ഉപയോഗിക്കുന്നതിനു മുമ്പ് കണ്ടയിനറിന്റെ ലേബലിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി വായിക്കുക.
5. ആവശ്യത്തിനുള്ള ലായനി മാത്രം തയ്യാറാക്കുക.
6. തരിയായിട്ടുള്ള കീടനാശിനി അങ്ങനെതന്നെ ഉപയോഗിക്കുക.
7. സ്പ്രേടാങ്കിലേക്ക് നിറയ്ക്കുമ്പോൾ ലായനി തുളുമ്പി പോകാതെ ശ്രദ്ധിക്കുക.
8. ശുപാർശ ചെയ്തിട്ടുള്ള ഡോസേജ് മാത്രം കൃത്യമായി ഉപയോഗിക്കുക.
9. ചെളി വെള്ളമോ കെട്ടിക്കിടക്കുന്ന വെള്ളമോ ഉപയോഗിക്കാൻ പാടില്ല.
10. സംരക്ഷണ വസ്ത്രമുപയോഗിക്കാതെ ഒരിക്കലും സ്പ്രേലായനി തയ്യാറാക്കാൻ പാടില്ല.
11. ആരുടെയും ശരീരത്ത് കീടനാശിനിയോ ആയതിന്റെ ലായനിയോ വീഴാൻ അനുവദിക്കരുത്.
12. തയ്യാറാക്കിയ ലായനി ബാക്കി വന്നാൽ 24 മണിക്കൂറിനുശേഷം ഉപയോഗിക്കരുത്.
13. തരിയായുള്ളത് വെള്ളവുമായി മിക്സ് ചെയ്യരുത്.
14. സ്പ്രേ ടാങ്ക് മണത്തു നോക്കാൻ പാടില്ല.
15. ചെടിയുടെ ആരോഗ്യത്തെയും പരിസ്ഥിതിയെയും ബാധിക്കുമെന്നതിനാൽ ഓവർഡോസ് ഉപയോഗിക്കരുത്.
16. കീടനാശിനി കൈകാര്യം ചെയ്യുമ്പോൾ ഭക്ഷണം കഴിക്കുക. വെള്ളം കുടിക്കുക, പുകവലിക്കുക, ചവയ്ക്കുക എന്നിവ ചെയ്യാൻ പാടില്ല.

**സ്പ്രേയർ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ശരിയായ ഉപകരണങ്ങൾ തെരഞ്ഞെടുക്കുക.
2. കൃത്യ അളവിലുള്ള നോസിലുകൾ തെരഞ്ഞെടുക്കുക.

3. കീടനാശിനിക്കും കളനാശിനിയ്ക്കും പ്രത്യേകം സ്പ്രേയറുകൾ ഉപയോഗിക്കുക.
4. ചോർച്ചയുള്ളതോ കേടായതോ ആയ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുക.
5. അടഞ്ഞിരിക്കുന്ന നോസിലുകൾ വായിലൂടെ ഊതാൻ പാടില്ല. പകരം ടൂത്ത് ബ്രഷ് ഉപയോഗിക്കുക.

**ലായനി സ്പ്രേ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള അളവും ഡോസും മാത്രം ഉപയോഗിക്കുക.
2. സൂര്യപ്രകാശവും തെളിച്ചവുമുള്ള ദിവസങ്ങളിൽ മാത്രം പ്രയോഗം നടത്തുക.
3. ഓരോ സ്പ്രേയും സ്പ്രെയറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മാത്രം ചെയ്യുക.
4. കാറ്റിന്റെ ദിശയുടെ നേർക്ക് സ്പ്രേ ചെയ്യുക.
5. സ്പ്രേയറിന്റെ ഉപയോഗത്തിനുശേഷം സോപ്പ്/ഡിറ്റർജന്റ്, ശുദ്ധമായ വെള്ളം ഇവ ഉപയോഗിച്ച് വൃത്തിയായി കഴുകുക.
6. സ്പ്രേ ചെയ്തതിനുശേഷം കൃഷിയിടത്തിൽ ജോലി ചെയ്യുന്നവരും കന്നുകാലികളും പ്രവേശിക്കുന്നതൊഴിവാക്കുക.
7. ശുപാർശ ചെയ്തതിനേക്കാൾ കൂടുതൽ ഡോസിലും കോൺസെൻട്രേഷനിലും ഒരു കാരണവശാലും കീടനാശിനി ഉപയോഗിക്കരുത്.
8. മഴയ്ക്ക് തൊട്ടുമുൻപോ ശേഷമോ സ്പ്രേ ചെയ്യാൻ പാടില്ല.
9. കീടനാശിനികൾ സ്പ്രേ ചെയ്യാനും കൂട്ടുവാനും ഉപയോഗിക്കുന്ന ബക്കറ്റുകൾ ശുദ്ധജലത്തിൽ വൃത്തിയായി കഴുകിയാലും ശരി ഒരു കാരണവശാലും അത് വീട്ടാവശ്യത്തിനുപയോഗിക്കരുത്.
10. പ്രയോഗം നടത്തിയ ഫീൽഡിൽ സുരക്ഷിതമായ ഏപ്രൺ, വസ്ത്രങ്ങൾ, മാസ്കുകൾ എന്നിവ ധരിക്കാതെ പ്രവേശിക്കരുത്.

**സ്പ്രേ ഓപ്പറേഷനുശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ബാക്കിവന്ന ലായനികൾ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റുക.
2. ഉപയോഗിച്ചു കഴിഞ്ഞ കണ്ടെയിനറുകൾ പൊട്ടിച്ചു കളയുകയോ ജലസ്രോതസ്സുകളിൽ നിന്നും ദൂരെ ആഴത്തിൽ കുഴിച്ചിടുകയോ ചെയ്യുക.
3. മുഖവും കൈയും ശുദ്ധമായ വെള്ളവും സോപ്പും ഉപയോഗിച്ചു കഴുകുക.
   എന്തെങ്കിലും തരത്തിൽ വിഷം ഏറ്റ ലക്ഷണം തോന്നിക്കുന്ന പക്ഷം ഫസ്റ്റ് എയ്ഡ് നൽകുകയും ഒഴിഞ്ഞ കണ്ടെയ്നർ സഹിതം എത്രയും വേഗം ഡോക്ടറുടെ അടുക്കൽ എത്തിക്കുകയും വേണം.
4. ബാക്കിവന്ന ലായനി അടുത്തുള്ള കുളത്തിലോ ◌െള്ളത്തിന്റെ സ്രോതസ്സുകൾക് അടുത്തോ ഒഴിക്കരുത്.
5. കീടനാശിനികളുടെ ഒഴിഞ്ഞ പാത്രങ്ങൾ മറ്റെന്തെങ്കിലും സാധനങ്ങൾ ഇട്ടുവെയ്ക്കാൻ ഉപയോഗിക്കരുത്.
6. കുളിക്കുകയോ വസ്ത്രം അലക്കുകയോ ചെയ്യാതെ സ്പ്രേ ചെയ്തയാൾ ഭക്ഷണം കഴിക്കാനോ പുകവലിക്കാനോ പാടില്ല.


ഫാം ഇൻഫർമേഷൻ ബ്യൂറോ